കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഉളിക്കൽ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.14/204/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

തീയ്യതി : 30.06.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഉളിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :ഉളിക്കൽ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1-17, 1-18, 1-25, 1-26, 1-27, 1-28, 1-29-ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.14/204/2020 തീയ്യതി: 30.06.2020

# കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 11.12.2018 മുതൽ 11.2.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ശശികുമാർ . എം . പി.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.2.2020 മുതൽ 27.2.2020വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി .രമണി കിഴക്കീൽ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.അനൂപ്.കെ.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| ശ്രീ.മനോഹരൻ എ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷേർലി അലക്സാണ്ടർ | 01-04-18 മുതൽ 31-03-19വരെ |
| സെക്രട്ടറി | ശ്രീ.സുരേഷ് ബാബു.കെ | 01-04-18മുതൽ 22-06-18(പൂർവ്വാഹ്നം)വരെ |
| | ശ്രീ.സജിവേന്ദ്രൻ.വി.എ (അസി.സെക്രട്ടറി, സെക്രട്ടറിയുടെ അധിക ചുമതല) | 22-06-18 (പൂർവ്വാഹ്നം) മുതൽ 27-06-18 വരെ |
| | ശ്രീമതി.മറിയ ഗൊരേത്തി.എം.എസ് | 28-06-18 മുതൽ 02.07.18 വരെ |
| | ശ്രീ.ബാബു ജോസഫ്.വി | 3-07-18 മുതൽ 31-03-19 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.മോഹൻദാസ്.ഒ.ജി | 01-04-18 മുതൽ 31-03-19വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഷിജി മാത്യു | 01-04-18 മുതൽ 3-05-18വരെ |
| | ശ്രീമതി.ഷോണി.എസ്.പി | 04-05-18മുതൽ 13-05-18വരെ |
| | ശ്രീമതി.അശ്വതി.ടി.എസ് | 14-05-18 മുതൽ 15-09-18 വരെ |
| | ശ്രീമതി.പ്രജിത പ്രകാശ് | 16-09-18 മുതൽ 16-01-19 വരെ |
| | ശ്രീമതി.അശ്വതി.പി | 17-01-19 മുതൽ 31-03-19വരെ |
| മെഡിക്കൽഓഫീസർ (പി.എച്ച്.സി) | ഡോ.സെറിൻ.ടി. ചാക്കോച്ചൻ | 01-04-18 മുതൽ 31-03-19വരെ |
| | | |

| | | |
|---|---|---|
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ.ടിന്റിൽ തോമസ് | 01-04-18 മുതൽ 31-08-18 വരെ |
| | ഡോ.ചിത്ര കെ.എസ് | 01-09-18 മുതൽ 25-10-18വരെ |
| | ഡോ.ഷീബ പാപ്പച്ചൻ | 26-10-18 മുതൽ 31-03-19വരെ |
| മെഡിക്കൽഓഫീസർ (ആയുർവ്വേദം) | ഡോ.സുക്ഫാന ഷമീറ | 01-04-18 മുതൽ 31-03-19വരെ |
| വെറ്റിനറി സർജൻ | ഡോ.ജോൺസൺ.പി.എം | 01-04-18 മുതൽ 31-03-19വരെ |
| വി.ഇ.ഒ | ശ്രീ.ഷാജി.എം | 01-04-18 മുതൽ 31-03-19വരെ |
| വി.ഇ.ഒ | ശ്രീ.ജലാലുദ്ദീൻ.കെ.വി | 01-04-18 മുതൽ 31-03-19വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രുമതി.അനിത.കെ | 01-04-18 മുതൽ11-11-18വരെ |
| | ശ്രുമതി.ലളിത.എം | 12-11-18 മുതൽ 31-03-19വരെ |
| അസി.സെക്രട്ടറി | ശ്രീ.സജിവേന്ദ്രൻ.വി.എ | 01-04-18 മുതൽ11-10-18വരെ |
| | ശ്രീ.ബാലകൃഷ്ണൻ.കെ | 12-10-18 മുതൽ 31-03-19വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രാജി .എസ് മണി | 1-04-18 മുതൽ 18-09-18വരെ |
| | ശ്രീ.സജീവ് കുമാർ.പി.ആർ | 19-09-18 മുതൽ13-03-19വരെ |
| | ശ്രീ.മനോഹരൻ.വി | 14-03-19 മുതൽ 31-03-19വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ഉസ്മാൻ പള്ളിപ്പാത്ത് | 01-04-18 മുതൽ25-05-18വരെ |
| | ശ്രീ.എൻ.ലക്ഷ്മണൻ | 26-05-18മുതൽ31-03-19വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 | |

| | | |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1. | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി പിരിവിലെ അപാകങ്ങൾ | 1-12 |
| 13 | അംഗൻവാടി വർക്കർമാർ /ഹെൽപ്പർമാർ എന്നിവരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കാത്തത്. | 1-13 |
| 14 | ഫാക്ടറീസ്, ട്രേഡേഴ്സ്, എന്റർപ്രണർഷിപ്പ്, ആക്ടിവിറ്റിസ് ആന്റ് അദർ സർവ്വീസ് ലൈസൻസ് നൽകിയതിലെ അപാകതകൾ | 1-14 |
| 15 | ഇ-ടെണ്ടർ – ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല | 1-15 |
| 16 | ഇൻകം ടാക്സ് ഫയലിംഗ് തെറ്റായി നൽകിയതിനുള്ള അപ്പീൽ തുക തനതു ഫണ്ടിൽ നിന്നും അനുവദിച്ചത് അംഗീകരിക്കുന്നില്ല. | 1-16 |
| 17 | കേരള ജല അതോറിറ്റിക്ക് അടക്കേണ്ട തുക സമയബന്ധിതമായി ഒടുക്കുന്നില്ലഃ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-17 |
| 18 | ടെർമിനൽ സറണ്ടർ അനുവദിച്ചതിലെ അപാകങ്ങൾ:- ₹732115 തടസ്സപ്പെടുത്തുന്നു | 1-18 |
| 19 | സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് (SLI) വിഹിതം അടവാക്കുന്നതിൽ കുറവ് | 1-19 |
| 20 | നെല്ലുൽപാദനബോണസ്- മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല | 1-20 |
| 21 | ബാലസഭാകുട്ടികൾക്ക് പഠനയാത്ര-പദ്ധതി മാർഗ്ഗരേഖാ നിർദേശങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു. 31,460/-രൂപ തടസ്സത്തിൽവെക്കുന്നു | 1-21 |
| | | |

| | | |
|---|---|---|
| 22 | കുരുമുളക് വികസനം- കർഷകർക്ക് കുരുമുളക് തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ പൂർണ്ണമായി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല-365792/- രൂപ തടസ്സത്തിൽ വെക്കുന്നു | 1-22 |
| 23 | വാഴക്കന്ന് വിതരണം - വിതരണ രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല – 1,89,000/-രൂപ തടസ്സത്തിൽവെക്കുന്നു | 1-23 |
| 24 | തെങ്ങിൻതൈ വിതരണം - ഗുണഭോക്താക്കൾ തെങ്ങിൻ തൈകൾ കൈപ്പറ്റിയതിന്റെ രേഖകൾ മുഴുവനായി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല – 1,12,250/-രൂപ തടസ്സത്തിൽവെക്കുന്നു | 1-24 |
| 25 | ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി - ₹ 13773 രൂപ നിരാകരിക്കുന്നു | 1-25 |
| 26 | കരാറുകാർക്ക് ബിറ്റുമിൻ വാങ്ങി നൽകിയതിന്റെ ചെലവ് രേഖകൾ, സ്റ്റോക്ക് റജിസ്റ്റർ എന്നിവ ലഭ്യമല്ല ₹ 2916651 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-26 |
| 27 | കോടാപ്പറമ്പ നടപ്പാലത്തിന് സ്ട്രക്ച്ചർ ഡിസൈൻ പഞ്ചായത്ത് വിഹിതം- അധികം നൽകി 75000 രൂപ തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | കരാറുടമ്പടി ചമക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കുന്നില്ല | 1-28 |
| 29 | പ്രവൃത്തി പൂർത്തിയായിട്ടും ജനങ്ങൾക്ക് ഉപയോഗയോഗ്യമാവാത്ത പദ്ധതികളുടെ വിശദാംശങ്ങൾ | 1-29 |
| 30 | മണിക്കടവ് അംഗനവാടി നിർമാണം-പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 1-30 |
| 31 | പൊളിച്ചു നീക്കിയ വസ്തുക്കളുടെ വില ഈടാക്കിയിട്ടില്ല | 1-31 |
| 32 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികളിലെ പൊതു അപാകങ്ങൾ | 1-32 |
| | ഭാഗം 2 വ്യക്തമായ വരവു നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ ( ചാർജ് ചെയ്യാവുന്നത്) | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ<br>(സർചാർജ് ചെയ്യാവുന്നത്) | |
| | ഇല്ല | |
| | ഭാഗം 4 | |
| | | |

| | | |
|---|---|---|
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 34 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 37 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 38 | സ്ഥിര നിക്ഷേപം | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 41 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 44 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 45 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 46 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 27-03-2018 തീയതിയിലെ 51/2018 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. (പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 12-02-2019തീയതിയിലെ 32/19 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്)

| | തുക ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 11785365.30 | 11785366 |

| | | |
|---|---|---|
| വരവ് | 283238000 | 318766793 |
| ആകെ | 295023365 | 330552159 |
| ചെലവ് | 288629652 | 322623055 |
| നീക്കിയിരിപ്പ് | 6393713 | 7929104 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-18 | 24-05-2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19976958 |
| വരവ് | 161734870 |
| ആകെ | 181711828 |
| ചെലവ് | 155121097 |
| നീക്കിയിരിപ്പ് | 26590731 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 25567690 | 25567690 | 23381689* | 2186001 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1283000 | 1283000 | 1283000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 4191000 | 4191000 | 3268691 | 922309 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12069000 | 12069000 | 11807204 | 261796 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 5253000 | 5253000 | 3127376 | 2125624 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 14307492 | 14307492 | 11915751 | 2391741 |
| സാക്ഷരത | | 5987 | 243 | 6230 | 0 | 6230 |
| ദുരിതാശ്വാസനിധി | | 83570 | 155496 | 239066 | 179000 | 60066* |
| എം.ജി.എൻ .ആർ .ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 42277026 | 42277026 | 42277026 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 30822 | 1171992 | 1202814 | 1197749 | 5065 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് സെൻട്രൽഷെയർ | | 862180 | 825725 | 1687905 | 788668 | 899237 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ശുചിത്വമിഷൻ | | 672033 | 804424 | 1476457 | 525647 | 950810 |
| ബി ഫണ്ട് | | 0 | 184040 | 184040 | 184040 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1111508 | 7345843 | 8457351 | 8441962 | 15389 |
| | ജില്ലാ പഞ്ചായത്ത് | 2977973 | 13652450 | 16630423 | 13060973 | 3569450 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5515305 | 12309777 | 17825082 | 5744852 | 12080230 |
| | ട്രഷറി അക്കൗണ്ട് | 9441679 | 16835570 | 26277249 | 16907944 | 9369305 |

ജനറൽ പർപ്പസ് ഗ്രാന്റായി തൻവർഷം ₹14158345 ലഭിച്ചിട്ടുണ്ട്. തുക വരവ് വന്നിട്ടുള്ള ട്രഷറി അക്കൗണ്ടിൽ മറ്റു വരവുകൾ ഉൾപെട്ടിട്ടുള്ളതിനാൽ ചെലവ് നീക്കിയിരിപ്പ് എന്നിവ ഉൾപെടുത്തിയിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക് | ഭാഗികമായി | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടു |
|---|---|---|---|---|---|---|---|

| | | | | ട്ടുകളുടെ എണ്ണം | നടപ്പാക്കിയത് (എണ്ണം) | | കളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 213 | 203038493 | 157 | 137932678 | 121 | 36 | 56 | 56.80 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം</u>

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 24 | 17 | 6156960 | 4866609 | 79.04 |
| 2 | അസി.എഞ്ചിനീയർ | 124 | 88 | 58985790 | 37244395 | 63.14 |
| 3 | കൃഷി ഓഫീസർ | 8 | 8 | 3894925 | 3052305 | 78.37 |
| 4 | മെഡിക്കൽഓഫീസർ(പി.എച്ച്.സി) | 6 | 1 | 1266837 | 786374 | 62.07 |
| 5 | മെഡിക്കൽഓഫീസർ(ഹോമിയോ) | 1 | 1 | 200000 | 200000 | 100 |
| 6 | മെഡിക്കൽഓഫീസർ(ആയുർവ്വേദം) | 1 | 1 | 550000 | 550000 | 100 |
| 7 | വെറ്ററിനറി സർജൻ | 7 | 7 | 3690000 | 1664500 | 45.11 |
| 8 | വി.ഇ.ഒ | 10 | 7 | 109243651 | 75153393 | 68.79 |
| 9 | ഐ സി ഡിഎസ് സൂപ്പർവൈസർ | 10 | 8 | 10356090 | 6542210 | 63.17 |
| 10 | അസി.സെക്രട്ടറി | 9 | 8 | 2105000 | 1634280 | 77.64 |
| 11 | ഹെഡ് മാസ്റ്റർ | 12 | 10 | 1589240 | 1308612 | 82.34 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 5000000 | 4930000 | 98.6 |
| ആകെ | | 213 | 157 | 203038493 | 137932678 | 67.93 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u> – ഇല്ല

<u>ഗ്രാമസഭ</u>

പഞ്ചായത്തിൽ ആകെ 20 വാർഡുകളാണ് ഉള്ളത്. ഗ്രാമസഭ തൻവർഷം 3തവണയാണ് ചേർന്നിട്ടുള്ളത്. പല ഗ്രാമസഭാ മിനട്സ്കളിലും തീരുമാനത്തിനൊടുവിൽ കൺവീനർ സാക്ഷ്യപ്പെടുത്തുന്നില്ല.

<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>

വിവിധ വിഷയങ്ങളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. നടപ്പ വർഷത്തെ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗങ്ങൾ

ചേർന്നിട്ടുണ്ട്. യോഗമിനുട്സിൽ ചർച്ചകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നുണ്ട്. അദ്ധ്യക്ഷൻ തീരുമാനങ്ങൾക്ക് ചുവടെ ഒപ്പ് വെച്ച് സാക്ഷ്യപ്പെടുത്താത്ത അവസരങ്ങളും കാണുന്നുണ്ട്. ഇത്തരം അപാകങ്ങൾ പരിഹരിക്കപ്പെടേണ്ടതാണ്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

<u>മോണിറ്ററിംഗ് നടത്തുന്നില്ല</u>

പദ്ധതി മാർഗരേഖ പ്രകാരം, പദ്ധതി മോണിറ്ററിങ്ങ് അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. എങ്കിലും നടപ്പിലാക്കിയ പ്രോജക്ടുകളൊന്നും തന്നെ മോണിറ്ററിങ്ങ് നടത്തുന്നില്ല എന്നാണ് ഫയൽ പരിശോധനയിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതികളുടെ സുഗമമായ നടത്തിപ്പിന് മോണിറ്ററിംഗ് അവിഭാജ്യ ഘടകമായതിനാൽ വരും വർഷങ്ങളിൽ മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 30822 | 1171992 | 1202814 | 1197749 | 5065 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 42277026 | 42277026 | 42277026 | 0 |
| ആകെ | 30822 | 43449018 | 43479840 | 43474775 | 5065 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44040 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 5615700 | 429 |
| വിധവാപെൻഷൻ | 15816500 | 1289 |
| വാർദ്ധക്യകാലപെൻഷൻ | 39118400 | 3141 |
| ഭിന്നശേഷിയുള്ളവർക്കുള്ള | 5239000 | 419 |

| | | |
|---|---|---|
| പെൻഷൻ | | |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 587600 | 51 |
| വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-02-2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12726/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. സ്റ്റാഫ് മീറ്റിംഗ് 13 തവണ വിളിച്ചു ചേർക്കുകയും ഫ്രണ്ട് ഓഫീസ് സംവിധാനം, നികുതി പിരിവ് എന്നിവ വിലയിരുത്തുകയും ജീവനക്കാർക്ക് ജോലി സംബന്ധിച്ച നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിൽ കുറച്ചുകൂടി കൃത്യത പാലിക്കേണ്ടതുണ്ട്. ഓഫീസ് ഓർഡർബുക്ക് പ്രകാരം ജീവനക്കാർക്ക് കൃത്യമായ ജോലി വിഭജനം നടത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09-01-20 | 1-11-2019 മുതൽ 31-12-19 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-09-10 മുതൽ 25-09-10വരെ | 2004-05 മുതൽ 2009-10 വരെ | റിപ്പോർട്ട് തീർപ്പാക്കി |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1.വസ്തുനികുതി (റസിഡൻഷ്യൽ) ഇനത്തിൽ I-I ഷെഡ്യൂളിലെ ഡിമാന്റ് തുകയേക്കാളും (1896652 രൂപ) അധിക തുക ആർ.പി.-43-ൽ വരവ് (2014886 രൂപ) കാണുന്നു. ബി.-15 ഷെഡ്യൂൾ പ്രകാരം തുക പിരിച്ചെടുക്കാനുള്ളതായും (19516 രൂപ) കാണുന്നു.

2.വസ്തുനികുതി (നോൺ.റസി.) ഇനത്തിൽ I-I ഷെഡ്യൂളിലെ ഡിമാന്റ് തുക 1906877 രൂപയും ആർ.പി.-43-ൽ വരവ് 1470655 രൂപയുമാണ്. എന്നാൽ ബി.-15 പ്രകാരം പിരിച്ചെടുക്കുവാൻ ബാക്കിയുള്ള തുക 37246 രൂപ മാത്രമാണ്.

3.വസ്തുനികുതി (റിസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ) ഇനത്തിലെ സഞ്ചയയിലെ കളക്ഷൻ, ബാലൻസ് തുകകൾ ആർ.പി.-43, ബി.-15 എന്നീ ഷെഡ്യൂളുകളുമായി പൊരുത്തപ്പെടുന്നില്ല..

4.സഞ്ചയയിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് തുകയായി കാണിച്ചിരിക്കുന്ന തുകയും (273496 രൂപ) journal പ്രകാരം അഡ്ജസ്റ്റ് ചെയ്തതായി കാണുന്ന തുകയും (158465 രൂപ) പൊരുത്തപ്പെടുന്നില്ല.

5.ആർ.പി.-36 ലെ മുൻകൂർ വസ്തുനികുതി (റസിഡൻഷ്യൽ) ഇനത്തിലുള്ള വരവ് തുകയും (9943 രൂപ) ബി.-9 ഷെഡ്യൂളിലെ തുകയും (12515 രൂപ) പൊരുത്തപ്പെടുന്നില്ല.

# 1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ 2018-19 സാമ്പത്തീക വർഷം തൊഴിൽ നികുതി ഇനത്തിൽ പിരിച്ചെടുത്ത തുക 21,29,130/- രൂപയാണ്.

തൊഴിൽ നികുതി പിരിച്ചെടുത്തതുമായി ബന്ധപ്പെട്ട റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകങ്ങൾ ഉണ്ട്.

1. <u>തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഉളിക്കൽ ബ്രാഞ്ചിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിൽ 250/- രൂപ കുറവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| സ്ഥാപനം | തൊഴിൽ നികുതി ഒടുക്കിയ അർദ്ധ വർഷം | തൊഴിൽ നികുതി ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേര, തസ്തിക | രണ്ടാം അർദ്ധ വർഷത്തെ വരുമാനം | ഒടുക്കേണ്ട നികുതി | ഒടുക്കിയ നികുതി | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഉളിക്കൽ ബ്രാഞ്ച് | 2018-19 രണ്ടാം അർദ്ധ വർഷം | ശ്രീ. മാത്യു എം.ജെ. അസിസ്റ്റന്റ് | 125608 | 1250 | 1000 | 250 |

2. <u>തൊഴിൽ നികുതി റിട്ടേണുകളിൽ വരുമാനം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല</u>

1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 16 അനുസരിച്ച് ഒരു അർദ്ധവർഷത്തിലെ തൊഴിൽനികുതി നിർണ്ണയത്തിന് അർഹമായ കാലം കഴിഞ്ഞാലുടൻ സെക്രട്ടറി 1-ാം നമ്പർ ഫോറത്തിൽ ആഫീസ് തലവനോടൊ, തൊഴിലുടമയോടോ ജോലിയിലുള്ള ആളുകളുടെ ആകെയുള്ള ശമ്പളത്തെയോ, വരുമാനത്തെയോ സംബന്ധിച്ച വിവരങ്ങൾ ഫോറം നമ്പർ 11-ൽ ആവശ്യപ്പെടേണ്ടതും, തൊഴിലുടമ അങ്ങിനെയുള്ള വിവരങ്ങൾ 11ാം നമ്പർഫോറത്തിൽ ലഭ്യമാക്കിയാൽ തൊഴിൽ നികുതിനിർണ്ണയം ആരംഭിക്കേണ്ടതുമാണ്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ പല സ്ഥാപനങ്ങളിൽ നിന്നം തൊഴിൽ നികുതി ഈടാക്കിയത് 11ാം നമ്പർ ഫോറത്തിൽ ആവശ്യപ്പെട്ട അർദ്ധ വർഷത്തിലെ വരുമാന വിവരങ്ങൾ പൂരിപ്പിക്കാതെയാണ്. ഉദാഹരണങ്ങൾ താഴെ നൽകുന്ന

1.വില്ലേജ് ഓഫീസ് വയത്തൂർ (രണ്ടാം അർദ്ധവർഷം)

2.കോളിത്തട്ട് സർവ്വീസ് സഹകരണ ബാങ്ക്, കോളിത്തട്ട് (രണ്ട് അർദ്ധ വർഷവും)

3.കോളിത്തട്ട് സർവ്വീസ് സഹകരണ ബാങ്ക്, ഈവനിംഗ് ബ്രാഞ്ച് (രണ്ട് അർദ്ധ വർഷവും)

4.സി.കെ ഡെന്റൽക്ലിനിക്ക് (രണ്ടാം അർദ്ധവർഷം)

5.സ്വാന്ത്വനം ക്ലിനിക്ക് (രണ്ട് അർദ്ധവർഷവും)

6.സമൃദ്ധി ന്യൂട്രിമിക്സ് പരിക്കളം (രണ്ട് അർദ്ധവർഷവും)

മുകളിൽ ചേർത്തത് ഏതാനം ഉദാഹരണങ്ങൾ മാത്രമാണ് ധാരാളം സ്ഥാപനങ്ങൾ വരുമാനത്തെ സംബന്ധിച്ച വിവരങ്ങൾ റിട്ടേണിൽ കാണിച്ചിട്ടില്ല. റിട്ടേണിൽ വരുമാനം കാണിക്കാതെ എങ്ങിനെയാണ് തൊഴിൽ നികുതി കണക്കാക്കി ഈടാക്കുന്നത് എന്നത് സംബന്ധിച്ച് മറുപടി നൽകേണ്ടതാണ്.

3. റിട്ടേണുകൾ സമർപ്പിക്കാതെയും തൊഴിൽ നികുതി സ്വീകരിക്കുന്നു.

2018-19 വർഷം പഞ്ചായത്തിന്റെ പരിധിയിലുള്ള 582 സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയത് തൊഴിലുടമയിൽ നിന്ന് വരുമാനം സംബന്ധിച്ച ഫോറം നം. 11 വാങ്ങാതെയാണ്. ഈ 582 സ്ഥാപനങ്ങളിൽ നിന്ന് വരുമാനം കാണിക്കുന്ന റിട്ടേൺ ഇല്ലാതെ എങ്ങിനെയാണ് തൊഴിൽ നികുതി കണക്കാക്കി ഈടാക്കിയതെന്ന് വ്യക്തമല്ല. മുകളിൽ കാണിച്ച അപാകതകൾ സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/2019 തീയ്യതി 25.2.2020-ന് മറുപടി ലഭ്യമാക്കിയിട്ടില്ല .

# 1-13 അംഗൻവാടി വർക്കർമാർ /ഹെൽപ്പർമാർ എന്നിവരിൽ നിന്നുംതൊഴിൽ നികുതി ഈടാക്കാത്തത്.

ഗ്രാമപഞ്ചായത്ത് പരിധിയിയിൽ 37 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്.എന്നാൽ ഇവയിലെ വർക്കർമാർ /ഹെൽപ്പർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഇു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-14 എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസ് നൽകിയതിലെ അപാകതകൾ

1.സ്ഥാപനങ്ങൾക്ക് പ്രവർത്തനനാനുമതിക്കുള്ള ലൈസൻസ് നൽകുമ്പോൾ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീ ഈടാക്കണമെന്നിരിക്കെ അത്തരത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഉറപ്പുവരുത്തി ലൈസൻസ് ഫീ ഈടാക്കുന്നില്ല.

2.മത്സ്യവില്പനശാലകൾക്ക് ലൈസൻസ് നൽകിയതിന്റെരേഖകൾപരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഉളിക്കൽ ടൗണിൽ പ്രവർത്തിക്കുന്ന 2 മത്സ്യ വില്പനശാലകൾക്ക് 2018-19 വർഷം മുതൽ ലൈസൻസ് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് 27.2.2020 ന് നൽകിയ 27/2018-19 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ - ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കുന്നില്ല

2018-19 വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പ്രവൃത്തികളിൽ 5 ലക്ഷത്തിനു മേൽ അടങ്കൽ തുകയുള്ള ഇ-ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്തിരിക്കുന്നത് ആയത് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് കൈമാറിയിട്ടില്ല. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 22/2018-19 തീയ്യതി 25.2.2020 ന് മറുപടിയായി 48600 രൂപ ഈ ഇനത്തിൽ ലഭിക്കാനുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയത് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ഇൻകം ടാക്സ് ഫയലിംഗ് തെറ്റായി നൽകിയതിനുള്ള അപ്പീൽ തുക തനതു ഫണ്ടിൽ നിന്നും അനുവദിച്ചത് അംഗീകരിക്കുന്നില്ല.

വൗച്ചർ നമ്പർ-21800256 /തീയ്യതി 13 .07.2018
ചെക്ക് നമ്പർ _ 800626/തീയ്യതി 13. 07. 2018
തുക -2360

2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ഇൻകം ടാക്സ് റിട്ടേണുകൾ തെറ്റായി സമർപ്പിച്ചതിനാൽ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും 21/02/2018 തീയ്യതിയിൽ ITO/TDS/Default/CHNU00365B/2017-18 നമ്പർ പ്രകാരം നോട്ടിസ് ലഭിച്ചിരുന്നു. ആയതിന് മറുപടി നൽകുന്നതിന് വേണ്ടി ജേക്കബ് ആന്റ് ജോർജ് എന്ന ചാർട്ടേർഡ് അക്കൗണ്ടന്റിന് പ്രൊഫഷണൽ ചാർജ് ഇനത്തിൽ ( ഇൻവോയ്സ് നമ്പർ J&G/U/1819/0198, dt 6/6/2018) നൽകുന്നതിനാണ് തുക ചെലവഴിച്ചിരിക്കുന്നത്.
ഉദ്യോഗസ്ഥന് സംഭവിച്ച പിഴവ് പരിഹരിക്കുന്നതിന് പൊതുപണം വിനിയോഗിക്കുന്നത് ശരിയായ നടപടിക്രമമല്ല. ആയത് ജീവനക്കാരന്റെ സ്വന്തം ഉത്തരവാദിത്തത്തിൽ തീർപ്പാക്കേണ്ടതാണ്. ഈ കാരണത്താൽ 2360 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കാതിരിക്കാൻ കാരണം വല്ലതുമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ-7/18-19 തീയ്യതി 18.2.2020 ന് നൽകിയ മറുപടിയിൽ തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയത്

ത്വരിതപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 കേരള ജല അതോറിറ്റിക്ക് അടക്കേണ്ട തുക സമയബന്ധിതമായി ഒടുക്കുന്നില്ല - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

പ്രോജക്ട് -240 / 2019 ( കേരള ജല അതോറിറ്റിക്ക് അടക്കേണ്ട കുടിശ്ശിക തുക )
അടങ്കൽ - ₹ 1,30,205 ( വികസന ഫണ്ട് )
നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കേരള ജല അതോറിറ്റിയിൽ കുടിശ്ശിക തുക അട വാക്കുന്നതുമായി ബന്ധപ്പെട്ട് ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ ഫയൽ നമ്പർ എ1/4713/15 പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) ബിൽ നമ്പർ 2671/ 8. 7. 15 പ്രകാരം കേരള വാട്ടർ അതോറിറ്റി 2015 ജൂലൈ മാസത്തെ ബിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ 30/6/15 വരെയുള്ള കുടിശ്ശിക തുകയായ ₹ 33,688 രൂപയും, പിഴ ₹ 674 രൂപയും, തൻമാസ ബിൽ ₹ 14438 രൂപയും ഉൾപ്പെടെ ആകെ- ₹48,800രൂപ അടവാക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്.

2) എന്നാൽ ഉളിക്കൽ ഗ്രാമ പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ പൊതു ടാപ്പുകൾ ഒന്നും തന്നെയില്ല എന്ന നിഗമനത്തിൽ ബിൽ തുക തുടർ മാസങ്ങളിലേതുൾപ്പെടെ 2018 ഫിബ്രവരി മാസം വരെ അടവാക്കിയില്ല.
2018 ഫിബ്രവരി മാസത്തെ ബിൽ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.
ബിൽ നമ്പർ - 23532/ 9 - 2 - 18
31. 1. 18 വരെയുള്ള മുൻ ബാക്കി - ₹ 6, 68,618
പിഴ തുക - ₹ 13,121
തൻ മാസ ബിൽ തുക - ₹ 14,000
ആകെ - ₹ 6,95,739

3) ഫെബ്രുവരി മാസം വരെയും കുടിശ്ശിക തുക അടവാക്കാത്തതിനാൽ പിഴ തുക 674 രൂപയിൽ നിന്നും 13121 രൂപയിലേക്ക് വർദ്ധിച്ചിട്ടുണ്ട്

4) പഞ്ചായത്ത് ഭരണസമിതിയുടെ 16.2.2016-ലെ 17/16 നമ്പർ തിരുമാനപ്രകാരം സംയുക്ത പരിശോധന നടത്താൻ തീരുമാനിക്കുകയും, 29-8-17 ന് സംയുക്ത പരിശോധന നടത്തുകയും ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആകെ 32 പൊതു ടാപ്പുകളുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. ആയതിൽ നിന്നും തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് വാട്ടർ അതോറിറ്റിയിൽ തുക അടവാക്കാതിരുന്നതെന്ന് വ്യക്തമാവുന്നു.

5) 29-08-17 ന് സംയുക്ത പരിശോധന നടത്തിയെങ്കിലും തുടർന്നും കുടിശ്ശിക അടവാക്കുകയുണ്ടായില്ല. ഈ കാരണത്താൽ ഗ്രാമ പഞ്ചായത്തിൻെറ 2018-19 വർഷത്തെ വികസന ഫണ്ടിൽ നിന്നും ₹ 130205 രൂപ കുറവു വരുത്തിയാണ് സർക്കാർ വികസനഫണ്ട് അനുവദിച്ചിരിക്കുന്നത്.

6) 2019 മാർച്ച് വരെയുള്ള ബില്ലിൽ ആകെ 16,883 രൂപ പിഴയിനത്തിൽ അടവാക്കാൻ വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു.
A. പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങളടങ്ങുന്ന രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കാത്തതിനാലാണ് ഇത്തരമൊരു അപാകം ഗ്രാമപഞ്ചായത്തിൽ സംഭവിച്ചിരിക്കുന്നത്. രജിസ്റ്ററുകളും അനുബന്ധരേഖകളും കൃത്യമായി സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നു.
B. പിഴ തുക അടവാക്കുന്നതിനോ, ഒഴിവാക്കുന്നതിനോ ഗ്രാമ പഞ്ചായത്ത് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 15/18-19 തീയ്യതി 20.02.2020 ന് മറുപടിയായി കുടിശ്ശിക തുകയിൽ നിന്നും പലിശ ഒഴിവാക്കി അടവാക്കുന്നതിന് ഭരണസമിതി 10/10/2019 തീയ്യതി 11.01.2019 പ്രകാരം തീരുമാനിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പിഴ അടവാക്കുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ഉത്തരവാദിത്തമായി കണക്കാക്കി അടവാക്കേണ്ടതാണ്.

# 1-18 ടെർമിനൽ സറണ്ടർ അനുവദിച്ചതിലെ അപാകങ്ങൾ- ₹732115 തടസ്സപ്പെടുത്തുന്നു

ചെക്ക് നമ്പർ-2979412 തീയ്യതി 26-3-2019

വൗച്ചർ നമ്പർ- 21801258 തീയ്യതി 26.3.2019
തുക -₹ 732115 -

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂരിന്റെ 16.3.2019 തീയ്യതിയിലെ ഉത്തരവ് നമ്പർ എ 3/2019 പ്രകാരംം ഉളിക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നിന്നും 31/ 12/17 ന് സേവനത്തിൽ നിന്നും വിരമിച്ച ശ്രീ. ബി കെ കേശവ എന്നവർക്ക് 31-12.17 ന് സേവന പുസ്തക പ്രകാരം ബാക്കിയുള്ള 262 ദിവസത്തെ ആർജിതാവധി വിരാമവിൽപന അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉളിക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 26. 3.18 ലെ എ 1/2344/19 നമ്പർ ഉത്തരവ് പ്രകാരം ₹732115 കാസർകോട് ബ്രാഞ്ചിലെ (SBI) അക്കൗണ്ട് നമ്പറിലേക്ക് (10510452181) ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആർജിതാവധി വിരാമ വിൽപനയുടെ ആധികാരികത പരിശോധിക്കുന്നതിനായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസിൽ നിന്നും അനുവദിച്ച ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളുടെ സാക്ഷ്യപത്രം, കൂടാതെ ടിയാന്റെ സേവനപുസ്തകം എന്നിവ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 4/18-19 തീയ്യതി 18.02.2020 ന് നൽകിയ മറുപടിയിൽ സെക്രട്ടറി തസ്തികയിലുള്ളവരുടെ സേവനപുസ്തകവും, മറ്റ് അനുബന്ധ രേഖകളും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലാണ് സൂക്ഷിക്കുന്നത് എന്നാണ് അറിയിച്ചത്. എന്നാൽ ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ നിന്നും ഈ വിഷയത്തിൽ പുറപ്പെടുവിച്ച അവസാനത്തെ കത്ത് പ്രകാരം (നമ്പർ- KSA/KNR/B.1/21/2018 തീ.9.1.18) അപാകങ്ങൾ പരിഹരിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സേവന പുസ്തകം തിരിച്ചയക്കുകയാണ് ചെയ്തത്. ആർജിതാവധി അവധി അക്കൗണ്ടിന്റെ കൃത്യത പരിശോധിക്കുവാൻ ആവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ വിരാമ വിൽപനയിനത്തിൽ അനുവദിച്ച ₹732115 രൂപ തടസ്സപ്പെടുത്തുന്നു

# 1-19 സംസ്ഥാന ലൈഫ് ഇൻഷുറൻസ് (SLI) വിഹിതം അടവാക്കുന്നതിൽ കുറവ്

സംസ്ഥാന സർവ്വീസിൽ 19/8/1976 നോ, അതിനു ശേഷമോ പ്രവേശിക്കുന്ന അമ്പത് വയസ്സ് തികയാത്ത ഉദ്യോഗസ്ഥർ നിശ്ചിത നിരക്കിൽ സംസ്ഥാന ലൈഫ് ഇൻഷുറൻസ് പോളിസി എടുക്കേണ്ടതാണ്. എന്നാൽ താഴെ പ്രതിപാദിക്കുന്ന ഉദ്യോഗസ്ഥർ Go(p) No. 149/2016/ധന തീ.4.10.2016 പ്രകാരം പുതുക്കി നിശ്ചയിച്ച നിരക്കിൽ പ്രീമിയം അടവാക്കുന്നില്ല.

| ക്രമനമ്പർ | പേര്/ ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | അടവാക്കേണ്ട തുക | അടവാക്കുന്നത് |
|---|---|---|---|---|
| 1 | ബാലകൃഷ്ണൻ കെ, അസി.സെക്രട്ടറി, | 37500 | 500 | 375 |
| 2 | ജയ് സ് തോമസ്, അക്കൗണ്ടൻറ് | 34800 | 300 | 200 |
| 3 | രാജേഷ് ഒ ജി, സീനിയർ ക്ലർക്ക് | 29200 | 300 | 200 |
| 4 | സുരേഷ് കെ, (ക്ലാർക്ക്) | 29200 | 300 | 200 |

ആയതിന് കാരണം അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 2/18-19 തീയ്യതി 13.2.2020 ന് നൽകിയ മറുപടിയിൽ ജയ്സ് തോമസ്, സുരേഷ് കെ, എന്നിവർ സെപ്തംബർ 2019 മുതൽ അധിക പോളിസി എടുത്തതായി അറിയിച്ചിട്ടുണ്ട്. ബാലകൃഷ്ണൻ കെ, രാജേഷ് ഒ ജിഎന്നിവർക്ക് അധികപോളിസി എടുക്കാൻ നിർദേശം നല്കിയതായും അറിയിച്ചിട്ടുണ്ട്. പോളിസി എടുക്കാൻ ബാക്കിയുള്ളവർ എത്രയും പെട്ടെന്ന് അധിക പോളിസി എടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-20 നെല്ലുൽപാദന ബോണസ്- മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല

ബിൽ നമ്പർ -23/18-19 തീയ്യതി - 3.2.2019 ₹ 50,000
വൗച്ചർ നമ്പർ-21801146 തീയ്യതി 16 - 3 – 19

നിർവഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 28- 6-18 തീയ്യതിയിലെ ടി സി (1) 7438/2017 നമ്പർ ഉത്തരവ് പ്രകാരം ഉളിക്കൽ ഗ്രാമ പഞ്ചായത്തിന് അനുവദിച്ച നെൽകൃഷി ഉത്പാദന ബോണസ് തുകയായ ₹ 50,000 ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 7/02/19 ലെ ഉത്തരവ് നമ്പർ എ 3/742/19 പ്രകാരം ഉളിക്കൽ ഗ്രാമ പഞ്ചായത്ത് കൃഷി ഓഫീസറുടെ STSB അക്കൗണ്ട് നമ്പർ-722061400000022 ലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണം നമ്പർ 14/18-19 തീയ്യതി 19.02.2020 നൽകിയതിനെ തുടർന്ന് വിതരണരേഖകൾ ഹാജരാക്കിയിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസറുടെ STSB പാസ്സ് ബുക്ക് പരിശോധിച്ചതിൽ ഈ

ഇനത്തിൽ 45000 രൂപ മാത്രമേ പിൻവലിച്ചിട്ടുള്ളൂ എന്നും അത്രയും തുകമാത്രമേ വിതരണം ചെയ്തിട്ടുള്ളൂ എന്നും വ്യക്തമാണ്. മുഴുവൻ തുകയും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്നതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. തുക വിതരണം ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കുകയും ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹5000) അടിയന്തിരമായി വിതരണം ചെയ്യുകയോ, സഞ്ചിതനിധിയിലേക്ക് തിരിച്ചടവാക്കുകയോ ചെയ്യേണ്ടതാണ്.

# 1-21 ബാലസഭ - കുട്ടികൾക്ക് പഠനയാത്ര-പദ്ധതി മാർഗ്ഗരേഖാ നിർദേശങ്ങൾ പാലിക്കാതെ തുക ചെലവഴിച്ചു. 31,460/-രൂപ തടസ്സത്തിൽവെക്കുന്നു

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം ബാലസഭാകുട്ടികൾക്ക് പഠനയാത്ര എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി വികസനഫണ്ടിൽ നിന്ന് 31,460/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബാലസഭ കുട്ടികൾക്ക് പഠനയാത്ര |
| പ്രോജക്ട് നം | 85/2019 |
| അടങ്കൽ | 40,000/- വികസനഫണ്ട് |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| ചെലവ് | 31,460/- |
| ബിൽനം / തീയ്യതി | 3/18-19/ 23.3.2019 |

കുട്ടികളുടെ പഠനയാത്രയ്ക്കാവശ്യമായ ബസ് വാടക, ഭക്ഷണം നൽകൽ, ബാനർ വാങ്ങിയതിന്റെ വില, ഫോട്ടോ ചാർജ്ജ് എന്നിവയ്ക്കുവേണ്ടിയാണ് തുക ചെലവഴിച്ചത് .

സ.ഉ(കൈ)നം22/2018/തസ്വഭവ/തിരുവനന്തപുരം, തീയ്യതി 14.02.2018 ഖണ്ഡിക 8.4 അനുസരിച്ച് ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ-പഠനയാത്രകൾ, സമ്മേളനങ്ങൾ, കമാനനിർമ്മാണങ്ങൾ തുടങ്ങിയവ തദ്ദേശ-സ്വയംഭരണസ്ഥാപനങ്ങൾ വികസനഫണ്ട് ഉപയോഗിച്ച് എറ്റെടുക്കാൻ പാടില്ല.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പഠനയാത്ര സംഘടിപ്പിച്ച് വികസനഫണ്ടിൽ നിന്ന് 31,460/- രൂപ ചെലവഴിച്ചത് സംബന്ധിച്ച് 18.2.2020 ന് നിർവ്വഹണഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിനമ്പർ 3/2019ന് മറുപടി ലഭ്യമാക്കിയിട്ടില്ല . പഠനയാത്രയ്ക്കു വേണ്ടി ചെലവഴിച്ച 31,460/- രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-22 കുരുമുളക് വികസനം- കർഷകർക്ക് കരുമുളക് തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ

# പൂർണ്ണമായി പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല- 3,65,792/- രൂപ തടസ്സത്തിൽ വെക്കുന്നു

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് കുരുമുളക് തൈകൾ 100% സബ്സിഡി നിരക്കിൽ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിച്ചത്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾതാഴെ നൽകുന്ന

| | |
|---|---|
| പദ്ധതിയുടെ പേര് | കുരുമുളക് വികസനം |
| പ്രോജക്ട് നം | 132/2019 |
| അടങ്കൽ<br><br><br>ആകെ | 2,20,000/-(വികസനഫണ്ട്)<br>2,20,000/-(ജില്ലാ പഞ്ചായത്ത് വിഹിതം)<br>4,40,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 4,40,000/- |
| ബിൽ നം/തീയതി<br>ചെക്ക് നം/തീയതി | 1/18-19/22.9.2018 2,20,000/-(വികസന ഫണ്ട്)<br>6438128/2.11.2018 -2,20,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |

"പടിയൂർഗ്രാമ പഞ്ചായത്ത് കുരുമുളക് സമിതി" എന്ന അംഗീകൃത കാർഷിക നേഴ്സറിയിൽ നിന്ന് കുരുമുളക് തൈ ഒന്നിന് 8 രൂപ നിരക്കിൽ 55, 000തൈകൾ കൃഷി ഓഫീസർ വാങ്ങിയിട്ടുണ്ട് (ക്യാഷ് ബിൽ നം 16 തീയ്യതി 6.9.2018, 17 തീയ്യതി 6.9.2018)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകത കണ്ടെത്തിയിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ 20 വാർഡുകളിലെ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ആകെ വാങ്ങിയ 55,000 കുരുമുളക് തൈകളിൽ 9276 തൈകൾ വിതരണം ചെയ്തതായി മാത്രമേ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്ന് വ്യക്തമാവുന്നുള്ളൂ.ബാക്കിവരുന്ന 45,724തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അപാകങ്ങൾ സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് 24.2.2020 ന് ഓഡിറ്റ് എൻക്വയറി നമ്പർ 17/2019 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാത്തതിനാൽ 45724 കുരുമുളക് തൈകളുടെ വില 3,65,792/- രൂപ തടസ്സത്തിൽ വെക്കുന്നു

# 1-23 വാഴക്കന്ന് വിതരണം - വിതരണ രേഖകൾ പൂർണ്ണമായി ഹാജരാക്കിയിട്ടില്ല - 1,89,000/- രൂപ തടസ്സത്തിൽവെക്കുന്നു

പഞ്ചായത്തിലെ വാഴകൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കൃഷിഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് വാഴക്കന്ന് വിതരണം എന്നത്. 100% സബ്സിഡി നിരക്കിൽ സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് വാഴക്കന്ന് വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിൽ തുക വകയിരുത്തിയത്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | വാഴക്കന്ന് വിതരണം |
| പ്രോജക്ട് നമ്പർ | 134/2019 |
| അടങ്കൽ | ആകെ – 5,40,000/-<br>2,70,000/-(വികസനഫണ്ട്)<br>2,70,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 5,40,000/- |
| ബിൽനം/തീയതി<br>ചെക്ക് നം/തീയതി | 2/18-19/26.9.2018- 2,70,000/-(വികസന ഫണ്ട്)<br>1399259/20.12.2018-2,70,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |

സർക്കാർ അംഗീകൃത സ്ഥാപനമായ വി.എഫ്.പി.സി.കെ കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നിന് 18 രൂപ നിരക്കിൽ 5,40,000/-രൂപ ചെലവഴിച്ച് 30,000 വാഴക്കന്നുകൾ വാങ്ങിയിട്ടുണ്ട്. (ക്യാഷ് ബിൽ നം കെ.എൻ.ആർ 14 തീയ്യതി 7.9.2018, കെ.എൻ.ആർ 32 തീയ്യതി 19.11.2018 )

വാങ്ങിയ 30,000 വാഴക്കന്നുകളിൽ 19,500 എണ്ണം കർഷകർക്ക് വിതരണം ചെയ്തതായി വിതരണ രേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കിവരുന്ന 10500 വാഴക്കന്നുകൾ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/2018-19 തീ.25.2.2020-ന് നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകൾ ഹാജരാക്കാത്ത 10500 വാഴക്കന്നുകളുടെ വിലയായ 1,89,000/-രൂപ തടസ്സത്തിൽവെക്കുന്നു

## 1-24 തെങ്ങിൻതൈ വിതരണം - ഗുണഭോക്താക്കൾ തെങ്ങിൻ തൈകൾ കൈപ്പറ്റിയതിന്റെ രേഖകൾ മുഴുവനായി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല - 1,12,250/- രൂപ തടസ്സത്തിൽവെക്കുന്നു

പഞ്ചായത്തിൽ തെങ്ങ് കൃഷി പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2018-19 വർഷം കൃഷി ഓഫീസർ നിർവ്വണ ഉദ്യോഗസഥനായി നടപ്പിലാക്കിയ പദ്ധതിയാണിത്. സർക്കാർ അംഗീകൃത ഫാമുകളിൽ നിന്ന് ഗ്രോബാഗിൽ വളർത്തിയ തെങ്ങിൻതൈകൾ വാങ്ങി കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തത്. പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | തെങ്ങിൻതൈ വിതരണം |
| പ്രോജക്ട് നം | 118/2019 |
| അടങ്കൽ | ആകെ – 4,81,900/-<br>3,66,700/-(വികസനഫണ്ട്)<br>1,15,200/-(ഗുണഭോക്തൃവിഹിതം ഗ്രാമപഞ്ചായത്ത് വഴി) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ചെലവ് | 4,81,900/- |
| ബിൽനം<br>ചെക്ക് നം/തീയതി | 8/18-19/28.2.2019 - 31,900/- (വികസന ഫണ്ട്)<br>9/18-19/28.2.2019- 3,34,800/- (വികസന ഫണ്ട്)<br>808020/30.3.19 -1,15,200/- (ഗുണഭോക്തൃ വിഹിതം) |

ജില്ലാ കൃഷിത്തോട്ടം തളിപ്പറമ്പിൽ നിന്ന് ഗ്രോബാഗിൽ വളർത്തിയ തെങ്ങിൻ തൈകൾ തൈ ഒന്നിന് 125/-രൂപ നിരക്കിൽ 4,50,000/-രൂപ ചെലവഴിച്ച് 3,600 തൈകൾ വാങ്ങിയിട്ടുണ്ട് . (ക്യാഷ് ബിൽനം 281/18-19 തീയ്യതി 23.1.2019). ജില്ലാ കൃഷി ഫാം തളിപ്പറമ്പ് എന്ന സ്ഥാപനത്തിൽ നിന്ന് ഗ്രാമ പഞ്ചായത്തിലെ 20 വാർഡുകളിൽ തൈകൾ എത്തിക്കുന്നതിനായി വാഹന വാടക ഇനത്തിൽ 31,900/- രൂപയും ചെലവഴിച്ചിട്ടുണ്ട്. (ആകെ ചെലവ് തുക 4,81,900/- രൂപ) ഓരോ വാർഡിലും വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | വാർഡ് നം | വിതരണം ചെയ്ത തെങ്ങിൻ തൈകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | 1 | വിതരണ വിവരം ഇല്ല |
| 2 | 2 | 177 |
| 3 | 3 | 181 |
| 4 | 4 | വിതരണ വിവരം ഇല്ല |
| 5 | 5 | 180 |
| 6 | 6 | 180 |
| 7 | 7 | വിതരണ വിവരം ഇല്ല |
| 8 | 8 | 180 |
| 9 | 9 | 180 |
| 10 | 10 | 174 |
| 11 | 11 | 180 |
| 12 | 12 | 190 |
| 13 | 13 | 180 |
| 14 | 14 | 180 |
| 15 | 15 | 180 |
| 16 | 16 | വിതരണ വിവരം ഇല്ല |
| 17 | 17 | 180 |
| 18 | 18 | വിതരണ വിവരം ഇല്ല |
| 19 | 19 | 180 |
| 20 | 20 | 180 |

ആകെ വിതരണം ചെയ്ത തൈകൾ 2702

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലെ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി ആകെ വാങ്ങിയ 3600/- ഗ്രോബാഗ് തെങ്ങിൻ തൈകളിൽ 2702 തൈകൾ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിരിക്കുന്നത്. ബാക്കി 898 തൈകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

അപാകത സംബന്ധിച്ച് 24.2.2020 ന് നിർവ്വഹണോദ്യോഗസ്ഥനായ കൃഷി ഓഫീസർക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിതരണ രേഖകൾ ഹാജരാക്കാത്ത 898 തെങ്ങിൻ തൈകളുടെ വില 1,12,250/- രൂപ തടസ്സത്തിൽവെക്കുന്നു.

# 1-25 ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി - ₹ 13773 രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് -184/19 ( ഉളിക്കൽ ആസ്ഥാനമായി ബഡ്സ് പുനരധിവാസകേന്ദ്രം കെട്ടിടനിർമാണം)
അടങ്കൽ: –
വികസന ഫണ്ട് - ₹800000
ബ്ലോക്ക് വിഹിതം -₹42784
ജില്ലാ പഞ്ചായത്ത് വിഹിതം -₹ 1000000
ആകെ - ₹1842784
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റൻറ് എഞ്ചിനീയർ
കോൺട്രാക്ടർ – ബിജു മാത്യു
Ag. No. AE/LSG D/ UKL/35/17-18 dt 5 - 1 - 18
എം ബുക്ക് നമ്പർ- 35/17-18, 53/18-19
ബിൽ നമ്പർ - 94/18-19 dt 28-12-18 ₹ 800000
ചെക്ക് നമ്പർ- 9260046/26-12-18 ₹42784
ചെക്ക് നമ്പർ- 9260045/ 26.12. 18 ₹877446

ഉളിക്കൽ ആസ്ഥാനമായി ബഡ്സ് പുനരധിവാസ കേന്ദ്രം കെട്ടിട നിർമാണ പ്രവൃത്തിയുടെ ചെലവ് പരിശോധനയുടെ ഭാഗമായി 26-02-2020 ന് നേരിട്ട് നടത്തിയ സ്ഥലപരിശോധനയിൽ എം ബുക്കിൽ രേഖപ്പെടുത്തിയതാഴെ പറയുന്ന പ്രവൃത്തികളിൽ ക്രമ നം 1 ചെയ്തിട്ടില്ല എന്നും ക്രമ നം 2 പ്രകാരമുള്ള പ്രവൃത്തിയിൽ എം ബുക്കിൽ 2000 ലിറ്ററിന്റെ വാട്ടർ ടാങ്ക് എന്ന് രേഖപ്പെടുത്തിയെങ്കിലും 1000 ലിറ്ററിന്റെ വാട്ടർ ടാങ്കാണ് സ്ഥാപിച്ചതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾക്ക് നൽകിയ തുക തിരികെ ഈടാക്കാതിരിക്കാൻ കാരണം വല്ലതുമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 27/18-19 തീയ്യതി 27.02.2020 ന് ആയത് പരിശോധിച്ച് നടപടി എടുക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്.

1 ) എം ബുക്കിലെ പേജ് നമ്പർ 61 ൽ 33 നമ്പരായി രേഖപ്പെടുത്തിയ 3753 രൂപയുടെ Providing and Fixing mirror of Superior glass and of required shape and size with plastic moulded frame of approved make and shade with 6 mm thick hard board backing circular shape.(ചെയ്യാത്ത പ്രവൃത്തിയുടെ തുക ₹ 3753)

2. ) എം ബുക്കിലെ പേജ് നമ്പർ 67 ൽ 41 നമ്പരായി രേഖപ്പെടുത്തിയ Providing and Placing on Terrace polyethylene water Storage tank ISI Marked (ചെയ്യാത്ത പ്രവൃത്തിയുടെ തുക ₹10020)
ചെയ്യാത്ത പ്രവൃത്തിക്ക് നൽകിയ ₹13773 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടത്തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-26 കരാറുകാർക്ക് ബിറ്റുമിൻ വാങ്ങി നൽകിയതിന്റെ ചെലവ് രേഖകൾ, സ്റ്റോക്ക് റജിസ്റ്റർ എന്നിവ ലഭ്യമല്ല ₹ 2916831/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 2018-19 വർഷത്തെ പ്രോജക്ടുകൾ പരിശോധിച്ചപ്പോൾ ട്രഷറി ബിൽ ബുക്ക് പ്രകാരം താഴെ പ്രതിപാദിക്കുന്ന തുകകൾ പിൻവലിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവുകൾ സാധൂകരിക്കുന്നതിനാവശ്യമായ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്ന

| ക്രമനമ്പർ | ബിൽ നമ്പർ, തീയ്യതി | ട്രഷറി പാസ്സാക്കിയ തീയ്യതി | തുക |
|---|---|---|---|
| 1 | 59/2018-19 dt 24/12/2018 | 27/12/2018 | 59222 |
| 2 | 60/2018-19 dt 24/12/2018 | 27/12/2018 | 43491 |
| 3 | 61/2018-19 dt 24/12/2018 | 27/12/2018 | 74028 |
| 4 | 62/2018-19 dt 24/12/2018 | 27/12/2018 | 59222 |
| 5 | 63/2018-19 dt 24/12/2018 | 27/12/2018 | 74028 |
| 6 | 64/2018-19 dt 24/12/2018 | 27/12/2018 | 59222 |
| 7 | 65/2018-19 dt 24/12/2018 | 27/12/2018 | 74028 |
| 8 | 66/2018-19 dt 24/12/2018 | 27/12/2018 | 44417 |
| 9 | 67/2018-19 dt 24/12/2018 | 27/12/2018 | 74028 |
| 10 | 68/2018-19 dt 24/12/2018 | 27/12/2018 | 79451 |
| 11 | 69/2018-19 dt 24/12/2018 | 27/12/2018 | 113174 |
| 12 | 70/2018-19 dt 24/12/2018 | 27/12/2018 | 74700 |
| 13 | 71/2018-19 dt 24/12/2018 | 27/12/2018 | 44417 |
| 14 | 72/2018-19 dt 24/12/2018 | 27/12/2018 | 119834 |
| 15 | 73/2018-19 dt 24/12/2018 | 27/12/2018 | 126310 |
| 16 | 74/2018-19 dt 24/12/2018 | 27/12/2018 | 59222 |
| 17 | 75/2018-19 dt 24/12/2018 | 27/12/2018 | 75283 |
| 18 | 76/2018-19 dt 24/12/2018 | 27/12/2018 | 84612 |
| 19 | 77/2018-19 dt 24/12/2018 | 27/12/2018 | 14806 |
| 20 | 78/2018-19 dt 24/12/2018 | 27/12/2018 | 37161 |
| 21 | 79/2018-19 dt 24/12/2018 | 27/12/2018 | 74028 |
| 22 | 80/2018-19 dt 24/12/2018 | 27/12/2018 | 74208 |
| 23 | 81/2018-19 dt 24/12/2018 | 27/12/2018 | 59685 |
| 24 | 82/2018-19 dt 24/12/2018 | 27/12/2018 | 44417 |
| 25 | 83/2018-19 dt 24/12/2018 | 27/12/2018 | 166662 |
| 26 | 84/2018-19 dt 24/12/2018 | 27/12/2018 | 58297 |
| 27 | 85/2018-19 dt 24/12/2018 | 27/12/2018 | 79746 |

| | | | |
|---|---|---|---|
| 28 | 86/2018-19 dt 24/12/2018 | 27/12/2018 | 23134 |
| 29 | 87/2018-19 dt 24/12/2018 | 27/12/2018 | 104104 |
| 30 | 88/2018-19 dt 24/12/2018 | 27/12/2018 | 131327 |
| 31 | 89/2018-19 dt 24/12/2018 | 27/12/2018 | 74028 |
| 32 | 90/2018-19 dt 24/12/2018 | 27/12/2018 | 174765 |
| 33 | 91/2018-19 dt 24/12/2018 | 27/12/2018 | 317882 |
| 34 | 92/2018-19 dt 24/12/2018 | 27/12/2018 | 69864 |
| 35 | 93/2018-19 dt 24/12/2018 | 27/12/2018 | 74028 |
| | | | |
| | ആകെ | | 2916651 |

ചെലവു രേഖകൾ ഹാജരാക്കാത്ത പശ്ചാത്തലത്തിൽ ആയത് ഇല്ല എന്ന നിഗമനത്തിൽ പദ്ധതി ചെലവ് ധനദുർവിനിയോഗമായിക്കണക്കാക്കി മുഴവൻ ചെലുവുതുകയും തിരികെ ഈടാക്കാതിരിക്കാൻ കാരണം വല്ലതുമുണ്ടെങ്കിൽ അറിയിക്കേണ്ടതാണെന്ന് കാണിച്ച കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 25/2018-19 തീയ്യതി 25.02.2020 ന് നൽകിയ മറുപടിയിൽ 2018-19 വർഷത്തെ റോഡ് പ്രവ്യത്തികൾ ചെയ്യതിന് ബിറ്റുമിൻ വാങ്ങി നൽകിയതിനാണ് തുക ചെലവഴിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബിറ്റുമിൻവാങ്ങിയതിന്റെ ഒറിജനൽ ഇൻവോയ്സ് അല്ലെങ്കിൽ ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് ഇൻവോയ്സ് ട്രഷറി ബില്ലിന്റെ പകർപ്പ് എന്നിവയടക്കമുള്ള ചെലവു രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഭാരത് പെട്രോളിയം കോർപറേഷൻ 4.12.2018 ന് ഉളിക്കൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ച നമ്പറില്ലാത്ത കത്ത് മാത്രമാണ് അസിസ്റ്റൻറ് എഞ്ചിനീയർ പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ആയതിൽ ബിറ്റുമിന്റെ നിലവിലെ നിരക്ക് സംബന്ധിച്ച വിവരം അറിയിക്കുക മാത്രമാണ് ചെയ്യത്. കൂടാതെ ബിറ്റുമിന്റെ സ്റ്റോക്ക് റജിസ്റ്റർ, ആയത് കരാറുകാർക്ക് നൽകിയതിന്റെ രേഖകൾ, കരാറുകാരുടെ കൈപ്പറ്റ് രേഖകൾ എന്നിവയും ഹാജരാക്കിയിട്ടില്ല. ഭാരത് പെട്രോളിയം കോർപറേഷനിൽ നിന്നുള്ള ഒറിജനൽ ഇൻവോയ്സുകളുടെ അഭാവത്തിൽ നാളിതുവരെയായി എത്ര ബിറ്റുമിൻ ലഭിച്ചു എന്നും എത്ര അളവ് ലഭിക്കാൻ ബാക്കിയുണ്ടെന്നും വ്യക്തമല്ല. സെക്രട്ടറി അല്ലെങ്കിൽ അസിസ്റ്റൻറ് എഞ്ചിനീയർ എന്നിവരുടെ പേരിൽ ഭാരത് പെട്രോളിയം കോർപറേഷനിൽ നിന്നും ലഭിക്കേണ്ട ഇൻവോയ്സ്, സ്റ്റോക്ക് റജിസ്റ്റർ, ബിറ്റുമിൻ വിതരണ റജിസ്റ്റർ, ലഭിക്കാൻ ബാക്കിയുള്ളതിന്റെ വിവരം എന്നിവയുടെ അഭാവത്തിൽ മുഴവൻ ചെലവു തുകയും (₹2916651) തടസ്സപ്പെടുത്തുന്നു

2. 2018-19 വർഷത്തെ റോഡ് വർക്കുകളുടെ ഫൈനൽ ബിൽ നൽകുമ്പോൾ ആകെ പ്രവ്യത്തിമൂല്യത്തിൽ നിന്നും മേൽ പ്രതിപാദിച്ച ബില്ലുകൾ പ്രകാരം അനുവദിച്ച ബിറ്റുമിന്റെ വില കുറച്ചതായി മെഷർമെൻറ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് . വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | കോൺട്രാക്ടർ | തുക |
|---|---|---|---|
| 1 | 53/19 ആശാരിക്കുന്ന് കുമൻതോട് റോഡ് ടാറിംഗ്<br>MB No.47/18-19 | കെ.കെ ബാലകൃഷ്ണൻ | 74028 |
| 2 | 59/18-19 പേരട്ട ബാലങ്കരി ശാന്തിമുക്ക് റോഡ് ടാറിംഗ്<br>MB No.59/18-19 | രാജീവ് തോമസ് | 74028 |
| 3 | 54/18-19 നെല്ലിക്കാംപൊയിൽ തട്ട് റോഡ് ടാറിംഗ്<br>MB No.22/18-19 | രാജീവ് തോമസ് | 74028 |
| [illegible] | [illegible] | [illegible] | |

| | | | |
|---|---|---|---|
| 4 | 87/18-19 പേരട്ട അഞ്ചാംകമ്പനി റോഡ് ടാറിംഗ്<br>MB No.21/18-19 | രാജീവ് തോമസ് | 74028 |
| 5 | 50/18-19 പിഡബ്ലൂഡി കളരിക്കൽ പടി റോഡ് ടാറിംഗ്<br>MB No.20/18-19 | രാജീവ് തോമസ് | 74028 |
| 6 | 41/18-19 മാട്ടറ കടമനക്കണ്ടി റോഡ് ടാറിംഗ്<br>MB No.10/18-19 | സരുൺ തോമസ് | 84612 |
| 7 | 84/18-19 പേരട്ട ശാന്തിമുക്ക് പുല്ലോളിച്ചാംപാറ റോഡ് ടാറിംഗ്<br>MB No.13/18-19 | സരുൺ തോമസ് | 37161 |
| 8 | 35/19 മണിപ്പാറ കവലപ്പടി റോഡ് ടാറിംഗ്<br>MB No.8/18-19 | സരുൺ തോമസ് | 75283 |
| 9 | 73/19 കാലാങ്കി അങ്ങിടിശ്ശേരി റോഡ് ടാറിംഗ്<br>MB No.6/18-19 | സരുൺ തോമസ് | 59222 |
| 10 | 150/18-19 മായം മുക്ക് തോണിക്കടവ് റോഡ് ടാറിഗ്<br>MB No.12/18-19 | സരുൺ തോമസ് | 14806 |
| 11 | 52/19 ഉളിക്കൽ ആനത്താടി റോഡ് ടാറിംഗ്<br>MB No.41/18-19 | സന്തോഷ് ജോർജ് | 44417 |
| 12 | 89/18-19 അറബിക്കുളം രാമങ്കരി കോളിത്തട്ട്റോഡ് ടാറിംഗ്<br>MB No.44/18-19 | സന്തോഷ് ജോർജ് | 113174 |
| 13 | 46/18-19 മണിക്കടവ് കോളിത്തട്ട് റോഡ് ടാരിംഗ്<br>MB No.45/18-19 | സന്തോഷ് ജോർജ് | 17882 |
| 14 | 69/18-19 ചാപ്പുംകരി അങ്കറച്ചാൽ റോഡ് ടാറിംഗ്<br>MB No.42/18-19 | സന്തോഷ് ജോർജ് | 74028 |
| 15 | 66/19 മോസ്കോ മട്ടിണി റോഡ് ടാറിംഗ്<br>MB No.54/18-19 | സന്തോഷ് ജോർജ് | 74028 |
| 16 | 147/19 പൊയ്യൂക്കരി പതിനാറാംപന്തൽ റോഡ് ടാറിംഗ്<br>MB No.32/18-19 | കെ കെ തമ്പാൻ | 58297 |
| 17 | 142/19 പീടികക്കുന്ന് കമ്പിപ്പാലം റോഡ് ടാറിംഗ്<br>MB No.34/18-19 | കെ കെ തമ്പാൻ | 79746 |
| 18 | 76/19 മൂസാൻ പീടിക കൊരോങ്ങ റോഡ് | കെ കെ തമ്പാൻ | 74700 |

| | | | |
|---|---|---|---|
| | ടാറിംഗ്<br>MB No.33/18-19 | | |
| 19 | 51/19 കൊക്കാട് അക്കരെ റോഡ് ടാറിംഗ്<br>MB No. 28/18-19 | കെ ടി ദേവസ്യ | 59222 |
| 20 | 140/19 മണിക്കടവ് കണ്ണവം കോളനി റോഡ് ടാറിംഗ്<br>MB No. 4/18-19 | കെ എസ് ജോസഫ് | 119834 |
| 21 | 91/19 കോളിത്തട്ട് പേരട്ട റോഡ് ടാറിംഗ്<br>MB No. 3/18-19 | കെ.എസ് ജോസഫ് | 44417 |
| 22 | 71/19 ചാപ്പംകരി പുല്ലൊളിച്ചാംപാറ റോഡ് ടാറിംഗ്<br>MB No. 2/18-19 | കെ.എസ് ജോസഫ് | 59222 |
| 23 | 56/18-19 ശാന്തിമുക്ക് മട്ടിണി റോഡ് ടാറിംഗ്<br>MB No.38/18-19 | നീരജ് രാജ് എ | 131327 |
| | ആകെ | | 1591518 |
| | ക്രമീകരിക്കാൻ ബാക്കിയുള്ള തുക | | 1325133 |

മേൽ പ്രതിപാദിച്ചതിൽ നിന്നും, കരാറുകാർക്ക് ബിറ്റുമിൻ വാങ്ങി നൽകുന്നതിനു വേണ്ടിയാണ് തുക പിൻവലിച്ചതെന്ന് വ്യക്തമാവുന്നു. വാങ്ങിയ ബിറ്റുമിന്റെ വില മുഴുവനായും നാളിതുവരെയായി കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ലെന്നും ഇതിൽ നിന്നും വ്യക്തമാവുന്നു. കോൺട്രാക്ടർമാരിൽ നിന്നും മുഴുവൻ തുകയും ഈടാക്കുകയോ, ബില്ലിൽ നിന്നും കുറവു വരുത്തുകയോ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രതിപാദിച്ച വിഷയം ഓഡിറ്റ് ഗൗരവകരമായി വിലയിരുത്തുന്നതും, തുടർ നിരീക്ഷണങ്ങൾ നടത്തുന്നതുമാണ്. ഈ വിഷയത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ച ഗൗരവകരമായി പരിശോധിക്കപ്പെടേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാവേണ്ടതാണ്.

ഭാരത് പെട്രോളിയം കോർപറേഷനിൽ നിന്നും നാളിതുവരെ സെക്രട്ടറി/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ പേരിൽ ലഭിച്ച ബിറ്റുമിന്റെ അളവ്, തുക എന്നിവ കണക്കാക്കി ലഭിക്കാൻ ബാക്കിയുള്ള അളവ്/തുക എന്നിവയുടെ വിവരങ്ങൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-27 കോടാപ്പറമ്പ നടപ്പാലത്തിന് സ്ട്രക്ച്ചർ ഡിസൈൻ:- പഞ്ചായത്ത് വിഹിതം അധികം നൽകി 75000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് -214/ 2019 ( കോടാപ്പറമ്പ നടപ്പാലത്തിന് സ്ട്രക്ച്ചർ ഡിസൈൻ പഞ്ചായത്ത് വിഹിതം

നൽകൽ)
അടങ്കൽ - ആകെ 75000 (39700 വികസന ഫണ്ട് ,35300 തനത് ഫണ്ട് )

ബിൽ നമ്പർ - 14/18-19 dt 4/10/18 ₹ 39700
ചെക്ക് നമ്പർ- 2979844 / 5. 10.18 ₹ 35300
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ബഹു. രാജ്യസഭാ എം പി, എ കെ ആന്റണിയുടെ പ്രാദേശിക വികസന ഫണ്ടിൽ 2016-17 ൽ ഉൾപ്പെടുത്തി ഉളിക്കൽ ഗ്രാമ പഞ്ചായത്തിലെ നുച്ചിയാട് പുഴക്ക കുറുകെ കോടപറമ്പ് പള്ളിക്കടവിൽ നിർമ്മിക്കുന്ന നടപ്പാലത്തിന്റെ സ്ട്രക്ചർ ഡിസൈൻ ചെയ്യുന്നതിനുള്ള തുക അനുവദിക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്.

30.8.18 തീയ്യതിയിൽ കണ്ണൂർ കലക്ടേറ്റിൽ വച്ച ചേർന്ന അവലോകന യോഗത്തിലെ മൂന്നാം നമ്പർ തീരുമാനപ്രകാരം ഗവ.എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കി സമർപ്പിക്കുന്ന ഡിസൈനിൻെറ ചെലവ് ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകൾ സംയുക്തമായി വഹിക്കാൻ നിർദേശിച്ചിട്ടുണ്ട്. ആയതിൻെറ അടിസ്ഥാനത്തിൽ ഗവ.എഞ്ചിനീയറിംഗ് കോളേജ് തയ്യാറാക്കി നൽകിയ പ്രോജക്ടിന്റെ ഡിസൈനിംഗ് ചാർജ്ജ് ₹ 75000 രൂപയാണെന്ന് സെൻ്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ മാനേജർ 18-09-18 ലെ നമ്പർ ഇല്ലാത്ത കത്ത് പ്രകാരം ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട് . എന്നാൽ പ്രസ്തുത തുക സംയുക്തമായി വഹിക്കുന്നതിനു പകരം ഉളിക്കൽ ഗ്രാമ പഞ്ചായത്താണ് മുഴുവൻ തുകയും നൽകിയത്. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 16/18-19 തീയ്യതി 20.02.2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണത്താൽ ₹75000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# 1-28 കരാറുടമ്പടി ചമക്കുന്നതിൽ കാലതാമസം- പിഴ ഈടാക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ 2018-19 വർഷത്തെ പ്രോജക്ടുകൾ പരിശോധിച്ചപ്പോൾ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് കരാറുടമ്പടി ചമയ്ക്കുന്നതിൽ കാലതാമസം സംഭവിക്കുന്നതായി കാണുന്നു. എന്നാൽ ആയതിന് PWD Manual ഖണ്ഡിക 2009-6 പ്രകാരം പിഴ ഈടാക്കുന്നില്ല. കരാറുകാർക്ക് നൽകുന്ന സെലക്ഷൻ നോട്ടീസുകളിൽ കാരാറുടമ്പടി ചമയ്ക്കേണ്ട തീയ്യതികൾ വ്യക്തമായി രേഖപ്പെടുത്തിയിട്ടും, നിശ്ചിതസമയത്തിനുള്ളിൽ കരാർ ചമയ്ക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | കോൺട്രാക്ടർ | ഈടാക്കേണ്ട പിഴ |
|---|---|---|---|
| 1 | 52/19 (ഉളിക്കൽ -ആനത്തോടി -ഊരാങ്കോട് -കോക്കാട് റോഡ് ടാറിംഗ് )<br>Agt. No. AE/LSGD/UKL/41/18-19 dt 22-9-18<br>ബിൽ നമ്പർ- 105/18-19 dt 14/2/19 ₹ 254117<br>PAC -₹3,00,000 | സന്തോഷ് ജോർജ് | ₹ 3000 |

| | | | |
|---|---|---|---|
| | പിഴയില്ലാതെ കരാർ ചമയ്ക്കേണ്ട തീയ്യതി. 21/09/18 | | |
| 2 | 62/19 (ഹൈസ്കൂൾ - ചെമ്പുകുട്ടിപ്പാറ റോഡ് ടാറിംഗ് )<br>Agt. No. AE/LSGD/UKL/57/18-19 dt 22-11-18<br>ബിൽ നമ്പർ- 108/18-19 dt 14/2/19 ₹ 5,69,000<br>PAC -₹ 5,97,056/-<br>പിഴയില്ലാതെ കരാർ ചമയ്ക്കേണ്ട തീയ്യതി. 24/09/18 | കെ ടി ദേവസ്യ | ₹ 5690 |
| 3 | 74/19(പാലമുക്ക് - പൂളക്കടവ് റോഡ് ടാറിംഗ് )<br>Agt. No. AE/LSGD/UKL/65/18-19 dt 07.01.19<br>ബിൽ നമ്പർ- 140/18-19 dt 22/3/19 ₹ 273430<br>PAC -₹4,93,999<br>പിഴയില്ലാതെ കരാർ ചമയ്ക്കേണ്ട തീയ്യതി. 24/09/18 | സരുൺ തോമസ് | ₹ 4939 |
| 4 | 233/19 (ഉളിക്കൽ -വയത്തൂർ - മണിപ്പാറ- റോഡ് ടാറിംഗ് )<br>Agt. No. AE/LSGD/UKL/79/18-19 dt 2-2-19<br>വൗച്ചർ നമ്പർ-121801266/27.3.19 ₹77740<br>PAC -₹1,32,000<br>പിഴയില്ലാതെ കരാർ ചമയ്ക്കേണ്ട തീയ്യതി. 19/09/18 | സരുൺ തോമസ് | ₹ 1320 |
| 5 | 66/19 (മോസ്കോ മട്ടിണി റോഡ് ടാറിംഗ് )<br>Agt. No. AE/LSGD/UKL/53/18-19 dt 24-10-18<br>ബിൽ നമ്പർ- 106/18-19 dt 14/2/19 ₹ 4,18,493<br>PAC -₹4,94,156<br>പിഴയില്ലാതെ കരാർ ചമയ്ക്കേണ്ട തീയ്യതി. 24/09/18 | സന്തോഷ് ജോർജ് | ₹ 4941 |
| 6 | 147/19 (പൊയ്യൂർക്കരി പതിനാറാം പന്തൽ | കെ കെ | ₹ 3994 |

| | | | |
|---|---|---|---|
| | റോഡ് ടാറിംഗ്)<br>Agt. No. AE/LSGD/UKL/32/18-19 dt15-10-18<br>ബിൽ നമ്പർ- 131/18-19 dt 18/3/19 ₹ 291703<br>PAC -₹3,99,477<br>പിഴയില്ലാതെ കരാർ ചമയ്ക്കേണ്ട തീയ്യതി. 24/09/18 | തമ്പാൻ | |
| 7 | 76/19 (മൂസ്സാൻ പീടിക കൊരേങ്ങ റോഡ് ടാറിംഗ്)<br>Agt. No. AE/LSGD/UKL/33/18-19 dt 15-10-18<br>ബിൽ നമ്പർ- 120/18-19 dt 18/3/19 ₹ 1,65,657<br>PAC -₹2,44,042<br>പിഴയില്ലാതെ കരാർ ചമയ്ക്കേണ്ട തീയ്യതി. 19/09/18 | കെ കെ തമ്പാൻ | ₹2440 |
| 8 | 32/19 (മാട്ടറ പീടികക്കുന്ന് ഫോറസ്റ്റ് റോഡ് ടാറിംഗ്)<br>Agt. No. AE/LSGD/UKL/54/18-19 dt 25-10-18<br>ബിൽ നമ്പർ- 137/18-19 dt 22/8/19 ₹ 5,98,049<br>PAC -₹5,98,049<br>പിഴയില്ലാതെ കരാർ ചമയ്ക്കേണ്ട തീയ്യതി. 24/09/18 | സരുൺ തോമസ് | ₹5980 |
| 9 | 72/19 (കാലാങ്കി മാമൻകുന്ന് റോഡ് ടാറിംഗ്)<br>Agt. No. AE/LSGD/UKL/64/18-19 dt 7.01.19<br>ബിൽ നമ്പർ- 101/18-19 dt 14/2/19 ₹ 4,94,000<br>PAC -₹4,97,556<br>പിഴയില്ലാതെ കരാർ ചമയ്ക്കേണ്ട തീയ്യതി. 24/09/18 | സരുൺ തോമസ് | ₹ 4975 |
| 10 | 79/19 (മണ്ഡപ പറമ്പ് കേയാപ്പറമ്പ് റോഡ് ടാറിംഗ്)<br>Agt. No. AE/LSGD/UKL/51/18-19 dt 29.09.18 | എം ശശിധരൻ | ₹7961 |

| | | | |
|---|---|---|---|
| | ബിൽ നമ്പർ- 133/18-19 dt 18/3/19 ₹ 766158<br>PAC -₹796157<br>പിഴയില്ലാതെ കരാർ ചമയ്ക്കേണ്ട തീയ്യതി. 24/09/18 | | |
| | ആകെ | | ₹45240 |

പിഴ ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 20/18-19 തീയ്യതി 25.02.2020 ന് നൽകിയ മറുപടിയിൽ കരാറുകാരിൽ നിന്ന് പിഴ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്, പിഴയോട്ടുകൂടി കരാർ ചമയ്ക്കേണ്ട സമയവും കഴിഞ്ഞ് കരാർ ചമയ്ച്ചതിന് പിഡബ്ല്യൂഡി മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിന് കാരണം വിശദീകരിക്കേണ്ടതും , പിഴ തുക 45240 രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

# 1-29 പ്രവൃത്തി പൂർത്തിയായിട്ടും ജനങ്ങൾക്ക് ഉപയോഗയോഗ്യമാവാത്ത പദ്ധതികളുടെ വിശദാംശങ്ങൾ

2018-19 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തൻവർഷം പ്രവൃത്തി പൂർത്തിയാക്കിയ താഴെ പ്രതിപാദിക്കുന്ന പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് സ്ഥലപരിശോധന നടത്തിയതിൽ നിന്നും ഇവ പ്രവർത്തനസജ്ജമായിട്ടില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇവ പൊതുജനങ്ങൾക്ക് ഉപയോഗയോഗ്യമാവും വിധത്തിൽ അടിയന്തിരമായി പ്രവർത്തനസജ്ജമാക്കുന്നതിന് വേണ്ടി ഈ വിഷയംഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നു

1) പ്രോജക്ട് - 219 (പൊയ്യൂർക്കരി പൊതു ശ്മശാനത്തിന് കെട്ടിട നിർമ്മാണവും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും)
അടങ്കൽ:-
ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 950000
ജില്ലാ പഞ്ചായത്ത് വിഹിതം - 1900000
ആകെ - 2850000
ചെലവ് :-
ചെക്ക് നമ്പർ- 1459273/26/3/19 ₹ 148173
ചെക്ക് നമ്പർ - 9260059/22/3/19 ₹ 950000
ചെക്ക് നമ്പർ - 1459271/22 / 3/19 ₹ 1440479
ആകെ ചെലവ് - ₹ 2538652
കോൺട്രാക്റ്റർ - രാജീവ് തോമസ് കെ

എഗ്രി. നമ്പർ - AE/LS G D / UK L/60/18-19 dt 11-12-2018
ആകെ പ്രവൃത്തി മൂല്യം - ₹ 2390479

മേൽ പ്രവൃത്തി പൂർത്തിയായപ്പോൾ പൊതുശ്മശാനത്തിന്റെ കെട്ടിടത്തിന്റെ സ്ട്രക്ചർ മാത്രമാണ് പൂർത്തിയായിട്ടുള്ളത്. പൊതുശ്മശാനം പ്രവർത്തന സജ്ജമായിട്ടില്ല.₹148173 രൂപ KSEB യിൽ വൈദ്യുതി കണക്ഷൻ നേടിയെടുക്കുന്നതിനു വേണ്ടി നൽകിയെങ്കിലും, നാളിതുവരെയായി കണക്ഷൻ ലഭിച്ചിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയും, തുടർ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത് പൊതുശ്മശാനം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) പ്രോജക്ട് :- 184/19 ( ഉളിക്കൽ ആസ്ഥാനമായി ബഡ്സ് പുനരധിവാസ കേന്ദ്രം കെട്ടിട നിർമ്മാണം )
അടങ്കൽ:-(വികസന ഫണ്ട്₹ 800000,ബ്ലോക്ക് വിഹിതം - ₹ 42784, ജില്ലാ പഞ്ചായത്ത് വിഹിതം :- ₹ 1000000
ആകെ - ₹ 1842784
ബിൽ നമ്പർ :- 94/2018 - 19 dt 28/12/2018 ₹ 800000
ചെക്ക് നമ്പർ :-9260045/26-12-18. ₹877446
ചെക്ക് നമ്പർ :- 9260045/26-12-18 ₹42784
ആകെ ചെലവ് :- ₹ 1720230
കോൺട്രാക്ടർ :- ബിജു മാത്യു
എഗ്രിമെൻറ് - AE /LS GD/ UKL/35/17-18 dt 5-01-2018
ആകെ പ്രവൃത്തി മൂല്യം :- ₹ 3129195/-

ബഡ്സ് പുനരധിവാസ കേന്ദ്രം കെട്ടിട നിർമാണം എന്ന പ്രോജക്ട് പ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും, ഇലക്ട്രിക്കൽ പ്രവൃത്തികൾ നടത്തി വൈദ്യുതി കണക്ഷൻ, ലഭ്യമാക്കാത്തതിനാലും, ഫർണിച്ചറുകൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്താത്തതിനാലും ബഡ്സ് പുനരധിവാസ കേന്ദ്രം പ്രവർത്തന സജ്ജമായിട്ടില്ല. തുടർ പ്രവർത്തനങ്ങൾ നടത്തി അടിയന്തിരമായി പുനരധിവാസ കേന്ദ്രം പ്രവർത്തന സജ്ജമാക്കേണ്ടതാണ്.

3)പ്രോജക്ട്, :- 211/2019 പഞ്ചായത്ത് മത്സ്യ മാർക്കറ്റിന് മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തൽ)
അടങ്കൽ:- 1676082 ( തനത് ഫണ്ട് )
ചെക്ക് നമ്പർ: - 2979829/4 - 8 - 18 ₹ 757177
കോൺട്രാക്ടർ - Socio Economic Unit Foundation ( Kozhikode )
എം ബുക്ക് നമ്പർ :- 122, 122 A, 122 B/ 16-17
ആകെ പ്രവൃത്തി മൂല്യം :- ₹1837897

മേൽ പദ്ധതികളിലൂടെ, മാലിന്യ സംസ്കരണ പ്ലാൻറ്, ബയോഗ്യാസ് പ്ലാൻറ് എന്നിവ മത്സ്യ മാർക്കറ്റിൽ സജ്ജമാക്കിയിട്ടുണ്ട്. (2019-20 ൽ ഫൈനൽ ബിൽ നൽകി) എന്നാൽ മൽസ്യ മാർക്കറ്റ് ലേലം കൊണ്ടവർ തളിപ്പറമ്പ മുൻസിഫ് കോടതിയിലും (OS .390/2019 ) ബഹു കേരള ഹൈക്കോടതിയിലും (WPC- 29024, 29881) മാർക്കറ്റ് ലേലം സംബന്ധിച്ച് കേസ് ഫയൽ ചെയ്തതിനാൽ മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നില്ല. കേസ് തീർപ്പാകുന്ന മുറയ്ക്ക് മാലിന്യ സംസ്കരണ കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

# 1-30 മണിക്കടവ് അങ്കണവാടി നിർമാണം-പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

പ്രോജക്ട് - 18/2019 ( മണിക്കടവ് അങ്കണവാടി നിർമാണത്തിന് പഞ്ചായത്ത് വിഹിതം നൽകൽ)
വൗച്ചർ നമ്പർ-21801188/20-03-2019
നിർവഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
ചെക്ക് നമ്പർ-2979402/20- 03 - 2019
തുക - 400000

ജി.ഒ (ആർ.ടി) നം 118/16 തസ്വഭവ തീ.12/01/2016, ജി.ഒ (ആർ.ടി)223/17 തസ്വഭവ തീ.27/01/2017 എന്നീ ഉത്തരവുകൾ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഐസിഡിഎസ് സ്കീമുകളുമായി സംയോജിപ്പിച്ച് മണിക്കടവ് അങ്കണവാടി നിർമ്മിക്കുന്നതിന് പഞ്ചായത്ത് വിഹിതം കൈമാറുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ അങ്കണവാടി നിർമ്മിക്കുന്നതിന് MGNREGS മിഷൻ ഡയറകടറുടെ അക്കൗണ്ടിലേക്ക് ₹400000 രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരവും, മിഷൻ ഡയറക്ടറിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രവും ലഭ്യമല്ല. ആയതു ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 9/18-19 തീയ്യതി 18.02.2020 ന് നൽകിയ മറുപടിയിൽ തുക പൂർണമായും ചെലവഴിച്ചിട്ടുണ്ടെന്ന് അക്രഡിറ്റഡ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടറിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 1-31 പൊളിച്ചു നീക്കിയ വസ്തുക്കളുടെ വില ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് - 112/19 ( മാട്ടറ ഗവൺമെന്റ് എൽ പി സ്കൂൾ റിപ്പയർ)

അടങ്കൽ- ₹200000( തനത്)

- ₹500000(സംരക്ഷണ ഗ്രാന്റ് റോഡിതരം)

ആകെ - ₹700000

M Book No.- 74/18-19

കോൺട്രാക്ടർ- സരുൺ തോമസ്

Agt.No. AE/LSGD/UKL/73/18-19 dt 22.1.19

ആകെ പ്രവൃത്തിമൂല്യം- 5,78,102/-

ബിൽ നമ്പർ- 18220652007501460575/22.3.19 ₹500000

ചെക്ക് നമ്പർ- 2979409/22.3.19 ₹78102

TS No.78445/2018-19, EST No.2018/108914 എന്നിവ പ്രകാരം തയ്യാറാക്കിയ മേൽ പ്രോജക്റ്റിന്റെ Detailed Estimate ൽ ക്രമനമ്പർ 1,2,3 ആയി പ്രതിപാദിച്ചിരിക്കുന്നത് താഴെ പറയുന്ന ഇനങ്ങൾ ആണ്.

1.Dismantling tiled roofing with Battens,boarding etc complete including stacking of serviceable material and disposal of unserviceable material within 50 metre lead.

2.Dismantling Woodwork in frames,trusses,purlins avd rafters upto 10 merters span and 5 meters high,including stacking the materialwithin 50 meters lead of sectional area 40 square centimeters and above

3.Dismantling Woodwork in frames,trusses,purlins avd rafters upto 10 merters span and 5 meters high,including stacking the materialwithin 50 meters lead of sectional area below 40 square centimeters

മുകളിൽ പരാമർശിച്ച പ്രവൃത്തി ചെയ്തതായി എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പൊളിച്ചുനീക്കിയ ഓട്, മരം, കഴുക്കോലുകൾ എന്നിവ ലേലം ചെയ്ത് വിൽപന നടത്തി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 21/18-19 തീയ്യതി 25.02.2020-ന് മറുപടിയായി പൊളിച്ചുമാറ്റിയ ഇനങ്ങൾ ലേലം ചെയ്ത് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികളുടെ പുരോഗതി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-32 അസിസ്റ്റൻ്റ് എഞ്ചിനീയർ നിർവഹണം നടത്തിയ പദ്ധതികളിലെ പൊതു അപാകങ്ങൾ

2018-19 വർഷത്തെ അസിസ്റ്റൻറ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ചെലവ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ പൊതു അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. Cash Book സൂക്ഷിക്കുന്നില്ല
2. പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല
3. എഗ്രിമെൻ്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.
4. സെലക്ഷൻ നോട്ടീസിൽ, നോട്ടീസ് നമ്പർ, തീയതി, എന്നിവ രേഖപ്പെടുത്തുന്നില്ല
5. മോണിറ്ററിംഗ് റിപ്പോർട്ട് സൂക്ഷിക്കുന്നില്ല. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഒപ്പിട്ട ശൂന്യമായ മോണിറ്ററിംഗ് റിപ്പോർട്ടാണ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്

ഇത്തരം അപാകങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കാത്തത് ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

| ഭാഗം – 2 |
| --- |

| |
|---|
| വ്യക്തമായ വരവു നഷ്ടം പ്രതിപാദിക്കുന്ന ഖണ്ഡികകൾ ( ചാർജ് ചെയ്യാവുന്നത് ) - ഇല്ല |
| ഭാഗം-3 |
| ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ - ഇല്ല |

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 15-07-19 മുതൽ 18-07-19 | കെ.എസ്.എ./ കെ.എൻ.ആർ/ സി.14/1260/2019 തീ.17.08-19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 930000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 57/19 | 930000 | 0 |
| | " " | 100000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, 24/19 | 99970 | 30 |
| | " " | 2501043 | ലൈഫ് മിഷൻ ഭവന പദ്ധതി(ടി എസ്.പി), 70/19 | 2501043 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| | ” ” | 3814800 | ലൈഫ് മിഷൻ ഭവന പദ്ധതി(ജനറൽ), 67/19 | 3814800 | 0 |
| ജില്ലാ പഞ്ചായത്ത് | ” ” | 2000000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 57/19 | 2000000 | 0 |
| | ” ” | 200000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്, 24/19 | 199970 | 30 |
| | ” ” | 220000 | കുരുമുളക് കൃഷി വികസനം, 132/19 | 220000 | 0 |
| | ” ” | 270000 | വാഴക്കന്ന് വിതരണം,134/19 | 270000 | 0 |
| | ” ” | 272000 | പച്ചക്കറി കൃഷി കൂലി ചെലവിന് സബ്സിഡി,129/19 | 262300 | 9700 |
| | ” ” | 400000 | പെയിൻ ആൻറ് പാലിയേറ്റീവ്,47/19 | 373955 | 26045 |
| | ” ” | 3400000 | ലൈഫ് മിഷൻ ഭവന പദ്ധതി,SCP | 7,30,000 | 26,70,000 |
| | ” ” | 5805600 | ലൈഫ് മിഷൻ ഭവന പദ്ധതി, ജനറൽ 67/19 | 5805600 | 0 |
| | ” ” | 707850 | ലൈഫ് മിഷൻ ഭവന പദ്ധതി,ടി.എസ്.പി. 70/19 | 707850 | 0 |
| | ” ” | 17000 | സമഗ്ര നെൽകൃഷി വികസനം, 117/19 | 17000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ

# വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ചതിന്റെ വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വഴിവിളക്ക് സ്ഥാപിക്കുന്നതിന് പുതിയ ലൈൻവലിക്കൽ | | 190216 | 190216 | പൂർത്തീകരിച്ചു | 0 |
| ആകെ | | | 190216 | 190216 | | 0 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണം | - | 14679000 | 522474 | 522474 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ.എം .എസ് 68/2018എൽ എസ് ജി ഡി തീ.18-05-18 | 55769110 | 0 | 0 | 0 | 55769110 |
| | | | | | | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 43896രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2010-11, 2011-12 | 3-11 | 43896 | എം,എം.ശശികുമാർ | 118020109624/ തിയ്യതി 30-03-2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.1 | 2016-17 | അനുബന്ധം 3 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ (കോടതി നടപടിയുള്ളത് ഒഴികെ മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ട്) |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2.2 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ (2016-17 മുതൽ വി.ഇ.ഒ.മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിവരുന്നുണ്ട്.) |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 161734870 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 155121097 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 16133 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 44,22,268/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരംഖണ്ഡിക നമ്പർ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 250 | ശ്രീ. ബാബു ജോസഫ് വി., സെക്രട്ടറി |
| 1-16 | 2360 | ശ്രീ. ബാബു ജോസഫ് വി., സെക്രട്ടറി |
| 1-25 | 13773 | ശ്രീ.മോഹൻദാസ്.ഒ.ജി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 16383 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 732115 | ശ്രീ. ബാബു ജോസഫ് വി., സെക്രട്ടറി |
| 1-21 | 31460 | ശ്രീ.എൻ.ലക്ഷ്മണൻ,ഹെഡ്മാസ്റ്റർ |
| 1-22 | 365792 | ശ്രീമതി.പ്രജിത പ്രകാശ്,കൃഷി ഓഫീസർ |
| 1-23 | 189000 | ശ്രീമതി.പ്രജിത പ്രകാശ്,കൃഷി ഓഫീസർ |
| 1-24 | 112250 | ശ്രീമതി.അശ്വതി.പി,കൃഷി ഓഫീസർ |
| 1-26 | 2916651 | ശ്രീ.മോഹൻദാസ്.ഒ.ജി.,അസി.എഞ്ചിനീയർ |
| 1-27 | 75000 | ശ്രീ.ബാബു ജോസഫ്,സെക്രട്ടറി |
| ആകെ | 4422268 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ:-</u>
ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.പ്രജിത പ്രകാശ് | കൃഷി ഓഫീസർ,കൃഷിഭവൻ രാമപുരം | ഇരട്ടപ്പനക്കൽ ഹൗസ്,പാല |
| ശ്രീ.മോഹൻദാസ് ഒ.ജി.,<br>അസി. എഞ്ചിനീയർ | അസി.എഞ്ചിനീയർ, കുറോപ്പട ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല | ജയ ഭവനം,<br>കുമ്പഴ പി.ഒ. |
| ശ്രീ. എൻ. ലക്ഷ്മണൻ,<br>ഹെഡ്മാസ്റ്റർ | ഗവഃ യു.പി.എസ്.,<br>ആയിപ്പുഴ | തുഷാര ഹൗസ്,<br>മുട്ടന്നൂർ, പട്ടാന്നൂർ പി.ഒ. |

| | | |
|---|---|---|
| ശ്രീ. ബാബു ജോസഫ് വി.<br>സെക്രട്ടറി | സെക്രട്ടറി, ഉളിക്കൽ ഗ്രാമപഞ്ചായത്ത് | വാളിയാങ്കൽ ഹൗസ്, പാൽവെളിച്ചം, ഇരിട്ടി പി.ഒ. |
| ശ്രീമതി.അശ്വതി.പി | കൃഷി ഓഫീസർ, | അറക്കൽ ഹൗസ്,കിളിയന്തറ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | നം.കെ.എസ്.എ./കെ.എൻ.ആർ/സി 14/748/2019 തീ.14-06-2019 | 1 |
| 2007-08 | നം.കെ.എസ്.എ./കെ.എൻ.ആർ/സി 14/748/2019 തീ.14-06-2019 | 2 |
| 2008-09 | നം.കെ.എസ്.എ./കെ.എൻ.ആർ/സി 14/748/2019 തീ.14-06-2019 | 6 |
| 2009-10 | നം.കെ.എസ്.എ./കെ.എൻ.ആർ/സി 14/748/2019 തീ.14-06-2019 | 1 |
| 2010-11,11-12 | നം.കെ.എസ്.എ./കെ.എൻ.ആർ/സി 14/748/2019 തീ.14-06-2019 | 3 |
| 2012-14,13-14 | നം.കെ.എസ്.എ./കെ.എൻ.ആർ/സി 14/748/2019 തീ.14-06-2019 | 11 |
| 2014-15 | നം.കെ.എസ്.എ./കെ.എൻ.ആർ/സി 14/748/2019 തീ.14-06-2019 | 14 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ./ സി.14/2130/ 16 തീയ്യതി 12.22018 | 13 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ./സി -14/595/തീയ്യതി.23.8.18 | 12 |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./സി-14/ 970/19 തീയ്യതി.5.9.19 | 10 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.14/204/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി: 30.06.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഉളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Ulikkal Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19848521.00 |
| Cash | Cash | RP-40(a) | 128437.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1364910.00 |
| 140000000 | Fees & User Charges | RP-4 | 3878096.00 |
| 150000000 | Sale & Hire Charges | RP-5 | 260412.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 69019786.00 |
| 171000000 | Interest Earned | RP-9 | 263064.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 24558638.00 |
| 350000000 | Other Liabilities | RP-36 | 314193.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 0.0 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 155496.00 |
| 330000000 | Secured Loans | RP-32 | 55769110.00 |
| 340000000 | Deposits Received | RP-34 | 436425.00 |
| | | | |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 400552.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5292188.00 |
| 460000000 | Loans, Advances and Deposits | RP-47 | 22000.00 |
| | Grand total | | 181711828.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 5525982.00 |
| 220000000 | Administrative Expenses | RP-12 | 742578.00 |
| 230000000 | Operations & Maintenance | RP-13 | 841370.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 9409329.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 88422934.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1549022.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 896416.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 208040.00 |
| 255000000 | Maintenance Projects | RP-20 | 8364305.00 |
| 280000000 | Prior Period item | RP-26 | -22180.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 270671.00 |
| 350000000 | Other Liabilities | RP-36 | 5876259.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 806.00 |
| 280000000 | Prior Period Item | RP-26 | -26550.00 |
| 311000000 | Earmarked Funds | RP-29 | 179000.00 |
| 330000000 | Secured Loans | RP-32 | 522474.00 |
| 340000000 | Deposits Received | RP-34 | 206327.00 |
| 350000000 | Other Liabilities | RP-36 | 2345242.00 |
| 410000000 | Fixed Assets | RP-38 | 22795608.00 |
| 412000000 | Capital work in Progress | RP-40 | 5687175.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1326289.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 26480350.00 |
| Cash | Cash | RP- | 110381.00 |

| | | | |
|---|---|---|---|
| | | 40(b) | |
| | Grand Total | | 181711828.00 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| Ulikkal Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5935659.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 528596.00 |
| 140000000 | Fee & User Charges | I-4(b) | 4316296.00 |
| 150000000 | Sale & Hire Charges | I-5(b) | 260412.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 197641814.00 |
| 171000000 | Interest Earned | I-8 | 263064.00 |
| 180000000 | Other Income | I-9 | 37500.00 |
| | Total Income | | 208983341.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13686764.00 |
| 220000000 | Administrative Expenses | I-11(b) | 767463.00 |
| 230000000 | Operations & Maintenance | I-12(b) | 998914.00 |
| 240000000 | Interest & Finance Charges | I-13 | 806.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9411457.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 131428900.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1549022.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 896416.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 66585240.00 |
| | | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 8657667.00 |
| 272000000 | Depreciation | I-17(a) | 18335705.00 |
| | Total Expenditure | | 252318354.00 |
| | Gross Surplus/ Deficit of income over Expenditure | | -43335013.00 |
| 280000000 | Prior Period Item | I-18 | -1720647.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -41614366.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Ulikkal Grama Panchayat BALANCE SHEET<br>As on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -37327480.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 60066.00 |
| 312000000 | Reserves | B-3 | 105996252.00 |
| | Total Reserve & Surplus | | 68728837.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6788885.00 |
| | Total Grants, Contributions for Specific Purposes | | 6788885.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 55769110.00 |
| | Total Loans | | 55769110.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 942441.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1381134.70 |
| | Total Current Liabilities and Provisions | | 2323575.70 |
| | TOTAL LIABILITIES | | 133610408.00 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 157982491.00 |
| 411000000 | Accumulated Depreciation | B-11 | -54909230.00 |
| 412000000 | Capital Work in Progress | B-11(a) | 2384692.00 |
| | Total Fixed Assets | | 105457953.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 216579.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 26590731.00 |
| 460000000 | Loans, Advances and Deposits | B-18 | 1345145.00 |
| | Total Current Assets, Loans and Advances | | 28152455.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 133610408.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.